# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 539 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. പാറക്കൽ അബ്ദുല്ല :<br>ശ്രീ. എം. ഉമ്മർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഒരു വർഷം എത്ര ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകളാണ് ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കണമെന്ന് നിയമം നിഷ്കർഷിച്ചിരിക്കുന്നത്; | (എ) | ഹോട്ടൽ ബിസിനസ്സ് സേവനദാതാക്കളുടെ പരിധിയിൽ വരുന്നതിനാൽ, പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമാണ്. |
| (ബി) | അപ്രകാരം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; | (ബി) | വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല. |
| (സി) | ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾക്ക് അത് നൽകുന്നതിലേക്കായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്? | (സി) | ജി.എസ്.ടി. രജിസ്ട്രേഷൻ ബാധ്യതയുള്ള സ്ഥാപനങ്ങൾ കണ്ടുപിടിച്ച് നികുതിവലയത്തിൽ കൊണ്ടുവരുന്നതിന് സമഗ്രമായ സ്ട്രീറ്റ് സർവ്വേ ചരക്ക് സേവന നികുതി വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇൻറലിജൻസ് വിഭാഗം ബിൽ ശേഖരണം നടത്തി പ്രസ്തുത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പരിധിയിൽ വരുന്നുണ്ടോ എന്ന് പരിശോധിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

Vabeep

സെക്ഷൻ ഓഫീസർ